# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/1082/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്.മലപ്പുറം

നമ്പർ: കെ.എസ്.എ.എം.പി.എം.4/1082/22 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2022 മുതൽ 28-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സൈമൺ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 27-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി.,ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ.ഇ.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷാജഹാൻ ഖുറൈശി.എം. അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ.ടി.ടി.സീനിയർ ഗ്രേഡ് ഓഡിറ്റർ
(20.04-22,21.04.22,22.04.22,28.04.22 Training)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി റീന പെട്ടമണ്ണ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 01-04-2019 | 18-10-2019 |
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻചാർജ്ജ് | 19-10-2019 | 14-11-2019 |
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 15-11-2019 | 19-11-2019 |
| ശ്രീമതി.നളിനി.സി.ഇ. | സെക്രട്ടറി | 20-11-2019 | 27-11-2019 |
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 28-11-2019 | 15-01-2020 |
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻചാർജ്ജ് | 16-01-2020 | 27-01-2020 |
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 28-01-2020 | 02-02-2020 |
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻചാർജ്ജ് | 03-02-2020 | 23-02-2020 |
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 24-02-2020 | 01-03-2020 |
| ശ്രീമതി എലിസബത്ത് മാത്യു | കൃഷി അസി.ഡയറക്ടർ | 01-04-2019 | 08-07-2019 |
| ശ്രീമതി ശ്രീലേഖ.പി. | കൃഷ് അസി.ഡയറക്ടർ | 09-07-2019 | 10-01-2020 |
| ശ്രീ.അനൂപ്കുമാർ.വി.എൻ | കൃഷി അസി.ഡയറക്ടർ | 11-01-2020 | 31-03-2020 |
| ശ്രീ.അബ്ദുൾ റഷീദ്.കെ.പി. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 06-06-2019 |
| ശ്രീ.ശ്രീകുമാർ.ജി. | പട്ടികജാതി വികസന ഓഫീസർ | 07-06-2019 | 29-06-2019 |
| ശ്രീമതി.ശ്രീകല.പി.ജി. | പട്ടികജാതി വികസന ഓഫീസർ | 30-06-2019 | 31-07-2019 |
| ശ്രീ.ശ്രീകുമാർ.ജി. | പട്ടികജാതി വികസന ഓഫീസർ | 01-08-2019 | 10-10-2019 |
| ശ്രീമതി.ശ്രീകല.പി.ജി. | പട്ടികജാതി വികസന ഓഫീസർ | 11-10-2019 | 21-10-2019 |
| ശ്രീ.ജോൺമാത്യു | പട്ടികജാതി വികസന ഓഫീസർ | 22-10-2019 | 31-03-2020 |
| ഡോ.ജമീല.സി.കെ | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയകുമാരി.ജെ. | ശിശു വികസന ഓഫീസർ(അഡീഷണൽ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഇന്ദിര.പി.കെ | ശിശു വികസന ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.ഉമ്മർ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മിനിമോൾ.എൻ | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| ശ്രീ.അബ്ദുൾ ജലീൽ.ടി. | അസി.എഞ്ചിനീയർ | 21-07-2019 | 31-07-2019 |
| ശ്രീമതി.ഷീജ.എൻ | അസി.എഞ്ചിനീയർ | 01-08-2019 | 30-11-2019 |
| ശ്രീ.അബ്ദുൾ ജലീൽ.ടി. | അസി.എഞ്ചിനീയർ | 01-12-2019 | 14-01-2020 |
| ശ്രീ.വിഷ്ണുമോഹൻ | അസി.എഞ്ചിനീയർ | 15-01-2020 | 31-03-2020 |
| ശ്രീ.വരുൺ.കെ.പി. | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സജിത | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻ ചാർജ് | 02-03-2020 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 28-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Prasad (Audit Officer, On 30-04-2022) | 1-2 |
| 3 | ധനകാര്യ വിശകലനം<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 28-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 28-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 28-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 29-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 29-04-2022) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-9 |
| 10 | മറ്റ ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 29-04-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക 2019-20 – പരിശോധന കുറിപ്പുകൾ<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Prasad (Audit Officer, On 30-04-2022) | 1-11 |
| 12 | രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-12 |
| 13 | ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 07-05-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-05-2022) | 1-13 |
| 14 | ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-13-1 |
| 15 | ബിൽ തുക നൽകിയപ്പോൾ 2% IT, 1%KCWWF എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-05-2022) | 1-13-2 |
| 16 | ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-05-2022) | 1-13-3 |
| 17 | ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ | 1-13-4 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-05-2022) | |
| 18 | ബ്ളോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ-രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-14 |
| 19 | നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി-അപാകതകൾ-25500/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-15 |
| 20 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: Ameen Faisal.T.T (Senior Grade Auditor, On 04-05-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-06-2022) | 1-16 |
| 21 | ബ്ളോക്ക് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ-194J പ്രകാരം ഈടാക്കേണ്ട10% IT ഈടാക്കിയിട്ടില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-17 |
| 22 | കോടോമ്പ്ര അംഗനവാടി കെട്ടിട നിർമ്മാണം [169/20]_ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല<br>Written By: Ameen Faisal.T.T (Senior Grade Auditor, On 04-05-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 07-06-2022) | 1-18 |
| 23 | മരുന്നുകൾ ലഭ്യാമാക്കാത്തതു സംബന്ധിച്ച്<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-19 |
| 24 | LSGD ഓഫീസിന് വാഹനം വാടകക്ക് എടുക്കൽ-ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-20 |
| 25 | പ്രൊജക്റ്റുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -92,16,360രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-21 |
| 26 | ചെലവഴിക്കാനവശേഷിക്കുന്ന തുകകൾ തിരികെ ലഭ്യമാക്കുന്നത് വരെ 9,79,514 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-22 |
| 27 | സാന്ത്വനം-സെക്കൻററി പാലിയേറ്റീവ് പരിചരണം-ടി.ഡി.എസ് പിടിക്കാതെ ഡ്രൈവർക്ക് വാടക നല്കി.<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-23 |
| 28 | മുള്ള്യാകുർശ്ശി പൊതു കുളം നിർമ്മാണം (136/20)- അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 04-05-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ്<br>Written By: Simon K (Senior Deputy Director, On 06-06-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാരൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരംം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പറും തിയ്യതിയും | പുതുക്കിയ തീരുമാന നമ്പറും തിയ്യതിയും |
|---|---|
| തീരുമാന നമ്പർ 1(1) തിയ്യതി 26.02.2019 | തീരുമാന നമ്പർ 1(1) തിയ്യതി 20.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകതി പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 22-05-2020 | | |

## 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 6292733.95 |
| വരവ് | 52642509.00 |
| ആകെ | 58935242.95 |
| ചെലവ് | 52425616,00 |
| നീക്കിയിരിപ്പ് | 6509626.95 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 57841000 | 57841000 | 26260467 | 31580533 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 26659000 | 26659000 | 17035013 | 9623987 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 492000 | 492000 | 00 | 492000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡീതരം) | 00 | 7560000 | 7560000 | 3323920 | 4236080 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 00 | 00 | 00 | 00 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 00 | 00 | 00 | 00 | 00` |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2019-20

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 185 | 114716763 | 81 | 43766228 | 14 | 90 | 44% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതേ ദിവസം തന്നെ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഇല്ല

## 1-9 അഭ്യന്തര നിയന്ത്രണം

1.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല

2.കൃഷി ഓഫീസർ ക്യാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.01.2022 | 2020-21 | 09.03.22 |
| എ.ജി. ഓഡിറ്റ് | 12.11.2019 | 2014-15 മുതൽ 2018-19 വരെ | 20.12.2019 |

## 1-11 വാർഷിക ധനകാര്യ പത്രിക 2019-20 – പരിശോധന കുറിപ്പുകൾ

1. വികസന ഫണ്ട് (ജനറൽ ) ചെലവ് ACR പ്രകാരം 26260467 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് തുക 23407295 രൂപയാണ്.

2. വാടക ഡിമാന്റ്, വരവ്, ബാലൻസ് എന്നിവ ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഡിമാന്റ് | | വരവ് | | ബാലൻസ് | |
|---|---|---|---|---|---|
| രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് |
| 206561 | 214563 | 143889 | 145002 | 77401 | 61561 |

3. ബി9 ഷെഡ്യൂൾ പ്രകാരമുള്ള ലയബിലിറ്റി ഇൻ റെസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് ഇനത്തിലെ 6551 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി7 ഷെഡ്യൂൾ പ്രകാരമുള്ള 1025767 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി18 ഷെഡ്യൂൾ പ്രകാരമുള്ള 571753രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. ബി4 ഷെഡ്യൂൾ അക്കൗണ്ട് കോഡ് 320100110 പ്രകാരമുള്ള 760077 രൂപ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന കുറിപ്പ്

വികസന ഫണ്ട് (ജനറൽ ) ചെലവ് ACR പ്രകാരം 26260467 രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക 23407295 രൂപയാണ്.

## 1-12 രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

| ക്രമ നം. | ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 28/24-09-2019 | ആലിപ്പറമ്പ് സ്പോർട്സ് അക്കാദമിക്ക് സ്ഥലം വാങ്ങൽ (S0080/2020) | 5,00,000 (വികസനഫണ്ട് ) | ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 133/01-02-2020 | ആശാരിക്കാവ് റോഡ് ബ്ലോക്ക് വിഹിതം നൽകൽ (S0081/2020) | 2,00,000 (വികസനഫണ്ട് ) | മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 3 | 12/19-07-2019 | കുഴൽക്കിണർ കളത്തിൽപ്പാടം റോഡ് സൈഡ് കെട്ടലും അനുബന്ധ പ്രവർത്തനങ്ങളും - ബ്ലോക്ക് വിഹിതം നൽകൽ (S0082/2020) | 81,260 (വികസനഫണ്ട് ) | മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 781260 | |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ 7,81,260 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 07/26-04-2022 നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി)

## 1-13 ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രൊജക്ടുകളുടെ ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു -

### 1-13-1 ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്ട് - ബ്ളോക്ക് ഓഫീസിലെ ഓഡിറ്റോറിയം, ബോർഡ് റൂം എന്നിവിടങ്ങളിൽ ഉപയോഗശൂന്യമായ വാതിൽ, ജനൽമാറ്റിവയ്ക്കൽ, വരാന്തയിൽ ഗ്ലാസ് ഫിറ്റ് ചെയ്യലും

നം. S0148/2020

അടങ്കൽ - 1,20,000 (MG-NR)

ബിൽ നം. 02/14-05-2019 : 1,19,680

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലെ ഓഡിറ്റോറിയം, ബോർഡ് റൂം എന്നിവിടങ്ങളിൽ ഉപയോഗശൂന്യമായ വാതിൽ, ജനൽമാറ്റിവയ്ക്കൽ, വരാന്തയിൽ ഗ്ലാസ് ഫിറ്റ് ചെയ്യലും ചെയ്തതിന്റെ തുകയായി 1,19,680 രൂപ ARTCO Ltd, കോഴിക്കോടിന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ തുകയിൽ നിന്നും 2% IT, 1% KCWWF എന്നിവ കുറവ് ചെയ്തിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/26-04-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-13-2 ബിൽ തുക നൽകിയപ്പോൾ 2% IT, 1%KCWWF എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്ട് - ബ്ളോക്ക് ഓഫീസ്- സി.സി.ടി.വി കാമറ സ്ഥാപിക്കൽ

നം. S0139/2020

അടങ്കൽ - 1,50,000 (MG-NR)

ബിൽ നം.04/14-05-2019 : 1,37,520

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൻെറ വിവിധ ഭാഗങ്ങളിൽ സി.സി.ടി.വി കാമറ സ്ഥാപിച്ചതിൻെറ തുകയായി 1,37,520 രൂപ Smart Choice Computer & Itsolutions,വടക്കേമണ്ണ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിൻെറ ബിൽ തുക നൽകിയപ്പോൾ 2% IT, 1%KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് 09/26-04-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

### 1-13-3 ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് - മേലാറ്റൂർ സി.എച്ച്.സി.യിൽ സോളാർ പ്ലാൻറ് (ഗ്രിഡ്) സ്ഥാപിക്കൽ

നം. S0147/2020

അടങ്കൽ - 16,27,169 (MG-NR)

ബിൽ നം.03/14-05-2019 : 14,90,100

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം മേലാറ്റൂർ സി.എച്ച്.സി.യിൽ സോളാർ പ്ലാൻറ് (ഗ്രിഡ്) സ്ഥാപിച്ചതിൻെറ വിലയായി 14,90,100 രൂപ Inkel Ltd, കൊച്ചിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് 16/26-04-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

### 1-13-4 ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് - ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് (അനർട്ട് മോഡൽ 4) സ്ഥാപിക്കൽ

നം. S0158/2020

അടങ്കൽ - 25,48,232 (എസ്.സി.പി)

ബിൽ നം.34/28-09-2019 : 25,48,224

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 9 എസ്.സി.കോളനികളിൽ സോളാർ മിനിമാസ്റ്റ് (അനർട്ട് മോഡൽ 4) സ്ഥാപിച്ചതിൻെറ വിലയായി 25,48,224 രൂപ SILK,ഉറവൂർ, ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ബിൽ തുകയിൽ നിന്നും 2% GST, 2% IT, 1% KCWWF എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് 16/26-04-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

### 1-14 ബ്ളോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ-രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് - ബ്ളോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ

നം. S0003/2020

അടങ്കൽ - 4,00,000 (MG-NR)

ബിൽ നം.26/24-09-2019 : 4,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്തിൻെറ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി ആകെ 4,00,000 രൂപ നൽകിയിട്ടുണ്ട്. ആയതിൻെറ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | എസ്.സി.ഡി.ഒ | 50,000 |
| 2 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30,000 |
| 3 | എ.ഇ.ഇ, LSDG | 50,000 |
| 4 | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 40,000 |
| 5 | മെഡിക്കൽ ഓഫീസർ, CHC | 2,00,000 |
| 6 | CDPO, പെരിന്തൽമണ്ണ Addl | 30,000 |

ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-15 നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി-അപാകതകൾ-25500/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 01 | നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി<br>നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 21/19-20 | 2796500 (വികസന ഫണ്ട്) | 25500/-<br>Allotment No. As Per ACR<br>154/07.02.20 Rs.25500 |

.

ഫയൽ പരിശോധനയിൽ നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡിയായി മേലാറ്റൂർ ഗ്രാമ പഞ്ചായത്തിന് 25500/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്നവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

01.മേലാറ്റൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായി രശീതിയും വിനിയോഗ സാക്ഷ്യപത്രവും.

02. ക്യാഷ് ബുക്ക്.

മേൽ പറഞ്ഞവ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/ 19-20/21.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാഷ് ബുക്ക് കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ധനസഹായം നല്കിയ പഞ്ചായത്തിൽ നിന്നും രശീതിയും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ 25500/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും

നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടം 9.1.2018 ആരംഭിച്ച് 20.3.208ന് അവസാനിച്ചു. പിന്നീട് പ്രവൃത്തി ആരംഭിച്ചത് ഏകദേശം ഒരു വർഷം കഴിഞ്ഞ് 11.3.2019ന് മാത്രമാണ്. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചതിന്റെ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് ഭരണ സമിതി തീരുമാനിച്ചതായും കാണുന്നില്ല.

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണം 2018-19 വർഷത്തിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | സി.എച്ച്.സി കെട്ടിടത്തിന് മുകളിൽ മീറ്റിങ് ഹാളും അനുബന്ധ പ്രവൃത്തികളും ( 135/20)<br>ബിൽ 1/14.5.2019 തുക 186664<br>ബിൽ 2/29.7.2019 തുക 163538<br>2017-18 ൽ ഒന്നാം പാർട്ട് ബിൽ നൽകിയ തുക 1213580<br>കരാർ 32/16.12.2017 തുക 1659199<br>അളവ് പുസ്തകം 37/17-18<br>കോൺട്രാക്ടർ ശ്രീ.പി.പി.മുസ്ഥഫ<br>DSR 2014കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 15.6.2018<br>പൂർത്തീകരിച്ച തീയ്യതി 30.4.2019 | 16.6.2018-15.9.2018 (1%) 16591<br>16.9.18-15.12.2018 (2%) 33182<br>16.12.18-15.3.2019 (2%) 33182<br>16.3.19-29.4.19 (2%) 16591<br>ആകെ 99546 |

## 1-17 ബ്ളോക്ക് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ-194J പ്രകാരം ഈടാക്കേണ്ട10% IT ഈടാക്കിയിട്ടില്ല.

പ്രൊജക്ട് - ബ്ളോക്ക് ഓഫീസിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ- ഒന്നാം ഘട്ടം

നം. S0153/2020

അടങ്കൽ - 50,000 (വികസന ഫണ്ട്-ജനറൽ)

ബിൽ നം.47/18-01-2020 : 47,440

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് കൺസൽട്ടിംഗ് ഏജൻസിയായി തെരഞ്ഞെടുത്ത TFM Solution,Ltd,കൊച്ചി എന്ന സ്ഥാപനത്തിന് 47,440 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നൽകുന്ന തുകയിൽ നിന്ന് ഇൻകം ടാക്സ് നിയമം 194J പ്രകാരം ഈടാക്കേണ്ട10% IT ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 കോടോമ്പ്ര അംഗനവാടി കെട്ടിട നിർമ്മാണം [169/20]_ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്

പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ആയതിനാൽ ഫൈനൽ ബില്ലിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു.

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 26/AE/LSGD/PMNA/18-19/24.09.18<br>TS: 37886/2018-19/08.06.2018<br>M.Book No: 66/2018-19<br>PAC: 839810/-<br>Vr.No: 26/BP/Plan/2019-20<br>സൈറ്റ് കൈമാറിയത്: 24.09.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 23.03.2019<br>പൂർത്തീകരിച്ച തിയ്യതി: 08.07.2019<br>കരാറുകാരൻ: സവാദ് ഇ കെ | 10954/-<br>[Ie, 24.03.2019 To 23.06.2019 (1%PAC)= 8398<br>24.06.2019 To 08.07.2019 (14 Days 2%PAC) = 2556] |

കരാറുകാരൻ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തത് മൂലം 2018-19 വർഷത്തിൽ പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയ 10 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ലാപ്സാവുകയും ചെയ്തിട്ടുണ്ട്. പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. തുക ഈടാക്കേണ്ടതാണ്/ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 മരുന്നുകൾ ലഭ്യാമാക്കാത്തതു സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ<br>പ്രൊജക്ട് നം. 110/19-20 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ.<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | 300000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 300000/-<br>ബിൽ നം. 7/19-20 തിയ്യതി 22.10.2019 |

പ്രൊഫോർമ്മ ഇൻവോയ്സ് നം. 1492/05.10.2019 പ്രകാരം 300000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരത്തിന് മരുന്ന വാങ്ങാനായി മുൻകൂർ തുക നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സോ, ആയത് സ്റ്റോക്കിലെടുത്തിന്റെ വിവരമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും, സ്റ്റോക്ക് പുസത്കത്തിൽ ചേർത്തതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.4/19-20/26.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 LSGD ഓഫീസിന് വാഹനം വാടകക്ക് എടുക്കൽ-ആദായ നികുതി ഈടാക്കിയിട്ടില്ല

പ്രൊജക്ട് - LSGD ഓഫീസ് വാഹനം വാടകക്ക് എടുക്കൽ

നം. S009/2020

അടങ്കൽ - 3,60,000 (വികസന ഫണ്ട് - ജനറൽ)

ബിൽ നം.09/26-06-2019 : 30,000

ബിൽ നം.15/19-07-2019 : 30,000

ബിൽ നം.24/21-08-2019 : 30,000

ബിൽ നം.06/31-08-2019 : 30,000

ബിൽ നം.30/19-09-2019 : 30,000

ബിൽ നം.37/04-12-2019 : 30,000

ബിൽ നം.38/04-12-2019 : 30,000

ബിൽ നം.51/30-01-2020 : 30,000

ബിൽ നം.52/30-01-2020 : 30,000

ബിൽ നം.56/28-02-2020 : 30,000

ബിൽ നം.59/17-03-2020 : 30,000

ബിൽ നം.71/31-01-2020 : 30,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം LSGD ഓഫീസ് ആവശ്യത്തിനായി വാടകക്കെടുത്തKL-53 P 2070-ാം നമ്പർ വാഹനത്തിന്റെ വാടകയായി 3,60,000 രൂപ ശ്രീ. ബാബു രാജന് നൽകിയിട്ടുണ്ട് . ആയതിൽ നിന്നും ആദായ നികുതി വകുപ്പിലെ 194C പ്രകാരം 1% TDS ആയി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് 14/26-04-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-21 പ്രൊജക്ടുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് - 92,16,360രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്ര.നം. | പ്രൊജക്ട് | ആകെ ചെലവ് തുക | അപേക്ഷ, ആർക്ക് തുക നൽകി എന്നത് ഉൾപ്പടെ രേഖകളൊന്നും ഹാജരാക്കാത്തത് |
|---|---|---|---|
| | വനിതകളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മൃഗസംരക്ഷണ പ്രവൃത്തിക്ക്ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറൽ (S180/2020)<br>ബിൽനം.33/28-09-2019 : 22,10,000<br>മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് - 2,20,000<br>പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് - 8,05,000<br>താഴേക്കോട് ഗ്രാമ പഞ്ചായത്ത് - 11,85,000 | 31,01,700 (വികസനഫണ്ട്) | 8,91,700 |
| | ലൈഫ് മിഷൻ പദ്ധതി ജനറൽ- പഞ്ചായത്തുകൾക്ക് തുക കൈമാറൽ(S015/2020)<br>ബിൽനം.17/19-07-2019 : 2,50,000<br>ബിൽനം.20/26-07-2019 : 12,76,605<br>താഴേക്കോട് ഗ്രാമ പഞ്ചായത്ത് - 12,76,605<br>വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് - 2,50,000 | 45,48,290 (വികസനഫണ്ട്) | 27,01,685 |
| | ലൈഫ് മിഷൻ പദ്ധതി SCP- പഞ്ചായത്തുകൾക്ക് തുക കൈമാറൽ(S016/2020)<br>ബിൽനം.27/24-09-2019 : 4,46,500<br>വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് - 2,50,000<br>ഏലംകുളം ഗ്രാമ പഞ്ചായത്ത് -1,96,500 | 15,66,370 (എസ്.സി.പി.) | 11,19,870 |
| | ആകെ | 9216360 | 4713255 |

47,13,255 രൂപയുടെ ചെലവ് രേഖകളും, 92,16,360രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയും, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത ലിസ്റ്റ് എന്നിവ വെക്കേണ്ടതും അതാത് പഞ്ചായത്തുകളുമായുള്ള കരാർ ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് കോപ്പി, പഞ്ചായത്തുകളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 92,16,360രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കുന്നതാണെന്ന് 07/26-04-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-22 ചെലവഴിക്കാനവശേഷിക്കുന്ന തുകകൾ തിരികെ ലഭ്യമാക്കുന്നത് വരെ 9,79,514 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള വിഹിതം വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്-

| ക്ര.നം. | പദ്ധതി | ബിൽ നം./തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ചോലപറമ്പ് അംഗൻവാടിക്ക് വിഹിതം നൽകൽ (S0035/2020) | 16/19-07-2019<br>3,00,000 | 60,486 | 2,39,514 |
| 2 | പാലക്കണ്ട് കുടിവെള്ള പദ്ധതി- ബ്ലോക്ക് വിഹിതം നൽകൽ (S0179/2020) | 29/24-09-2019<br>5,00,000 | 0 | 5,00,000 |
| 3 | വെട്ടത്തൂർ പഞ്ചായത്തിലുള്ള ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ വനിതകൾക്ക കൗൺസലിംഗ് തൊഴിൽ പരിശീലനം എന്നിവക്ക് സൗകര്യം ഒരുക്കാൻ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ (S0192/2020) | 11/19-07-2019<br>1,00,000 | 0 | 1,00,000 |
| 4 | കാപ്പ് മേൽക്കുളങ്ങര റീ ടാറിംഗ്, ഐറിഷ് ഡ്രൈൻ പ്രവൃത്തിക്ക് വെട്ടത്തൂർ പഞ്ചായത്തിന് വിഹിതം നൽകൽ (S0194/2020) | 14/19-07-2019<br>1,40,000 | 0 | 1,40,000 |
| | | | ആകെ | 979514 |

ചെലവഴിക്കാനവശേഷിക്കുന്ന തുകകൾ ചെലവഴിച്ചതിന്റെ വിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക 9,79,514 രൂപ തടസ്സം ചെയ്യുന്നു.

## 1-23 സാന്ത്വനം-സെക്കൻററി പാലിയേറ്റീവ് പരിചരണം-ടി.ഡി.എസ് പിടിക്കാതെ ഡ്രൈവർക്ക് വാടക നല്കി.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | സാന്ത്വനം-സെക്കന്ററി പാലിയേറ്റീവ് പരിചരണം<br>പ്രൊജക്ട് നം. 111/19-20 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | 340170-(വികസന ഫണ്ട്) |
| ചെലവ് | 79770/-Bill No. 1/19-20 Dated 28.07.2019<br>86260/-Bill No. 6/19-20 Dated 22.10.2019<br>55910/-Bill No. 12/19-20 Dated 30.12.2019<br>59640/-Bill No. 17/19-20 Dated 14.02.2020<br>58590/-Bill No. 22/19-20 Dated 31.03.2020<br>--------<br>340170<br>====== |

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മേൽ പ്രൊജക്ട് പ്രകാരം ആകെ 3,40,170 രൂപ ചെലവായതിൽ ഡ്രൈവർക്ക് വാടകയിനത്തിൽ 04.04.2019 മുതൽ 01.02.2020ആകെ 2,88,000/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇൻകം ടാക്സ് നിയമത്തിലെ 194C പ്രകാരം 1% തുക ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതിനു ശേഷം മാത്രമേ വാടക നല്കാവൂ. എന്നാൽ നികുതി കുറവ് ചെയ്യാതെയാണ് വാടക നല്കിയതായി കാണുന്നത്. ടി.ഡി.എസ്. കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.5/19-20/26.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കി

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 മുള്ള്യാകുർശ്ശി പൊതു കുളം നിർമ്മാണം (136/20)- അപാകതകൾ

| | |
|---|---|
| TS No: | 81252/2017-18 Dated 25/10/2017 |
| Agri.No: | 33/AE/LSGD/PMNA/17-18/18.12.2017 |
| M.Book No: | MB No 45/2018-19 |
| അടങ്കൽ/ ചെലവ്: | 895099/ 890952 |
| Vr.No: | 22/BP/Plan19-20/30.07.19 |
| കരാറുകാരൻ: | മുഹമ്മദ് ബഷീർ എം ടി |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉള്ളതായി കാണുന്നു.

1. നിർമ്മാണത്തിന്റെ വിസ്തീർണം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപ്പെട്ട സ്ഥലത്താണ് [സർവ്വേ നമ്പർ 5/9] കുളം നിർമ്മിച്ചിട്ടുള്ളത്. കുളം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു നൽകി കൊണ്ടുള്ള കീഴാറ്റൂർ പഞ്ചായത്ത് ഭരണ സമിതിയുടെ 16/09/2017-ലെ 5(2) നമ്പർ തീരുമാനത്തിലും, ആസ്തി രജിസ്റ്ററിന്റെ പകർപ്പിലും സ്ഥലത്തിന്റെ വിസ്തീർണം 3.5 സെന്റ് [142 $M^2$]ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം 14 മീറ്റർ നീളത്തിലും, 13 മീറ്റർ വീതിയിലുമാണ് (ആഴം ഏകദേശം 5 M) കുളം നിർമ്മിച്ചിട്ടുള്ളത് [M Book Page No. 1]. മണ്ണെടുത്ത നീളവും വീതിയും കണക്കാക്കുമ്പോൾ കുളത്തിന് 182 $M^2$ വിസ്തീർണ്ണം (4.5 സെന്റ്) ഉണ്ട്.

കുളം നിർമ്മിക്കുന്നതിന് സമീപത്തു നിന്നും സ്ഥലം വിട്ട് കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ആയതിനാൽ ഫൈനൽ ബില്ലിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു.

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| PAC: 895099/- | 58376/-<br>[le, 18.06.2018 To 17.09.2018 (1%PAC)= 8951<br>18.09.18 To 17.12.18 (2%PAC) = 17902<br>18.12.18 To 17.03.19 (2%PAC) = 17902<br>18.03.19 To 27.05.19 (70 Days,2%PAC) =13621] |
| സൈറ്റ് കൈമാറിയത്: 18.12.2017 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 17.06.2018 | |
| പൂർത്തീകരിച്ച തിയ്യതി: 27.05.2019 (M Book Page No 36) | |

മേൽ പ്രവൃത്തിയിൽ, 26.03.2018-ന് മഴ കാരണം പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്നും പൂർത്തീകരിക്കുന്നതിന് സമയം കൂട്ടി നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയതിന്മേൽ അഭിപ്രായം ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുകയോ ഭരണ സമിതി പൂർത്തീകരണ കാലയളവ് ദീർഘിപ്പു നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ M Book പരിശോധിച്ചതിൽ 27.02.2019 മുതൽ 27.05.2019 വരെയാണ് നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുള്ളത്. അതായത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 3 മാസം മാത്രമാണ് ആവശ്യമായി വന്നിട്ടുള്ളത്.

കരാറുകാരൻ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തത് മൂലം 2018-19 വർഷത്തിൽ പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയ 895099/- ബ്ലോക്ക് പഞ്ചായത്തിന് ലാപ്സാവുകയും ചെയ്തിട്ടുണ്ട്. പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. തുക ഈടാക്കേണ്ടതാണ്/ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഇതേ റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

(KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ബിൽ നം./ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പുലാമന്തോൾ തിരുത്ത് റോഡ് യു.പി. ബൈപ്പാസ് റോഡ് 3 ഫേസ് ലൈൻ (പ്രൊജക്ട് നം. 0226/20 | 15150363004501003981/ 28.12.19 | 248500 | ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | ലഭ്യമല്ല |
| KSEB | യു.പി. ലക്ഷം വീട് കോളനി 3 ഫേസ് ലൈൻ വലിക്കൽ (പ്രോജക്ട് നം. 0227/20 | 19150363004501003983/ 28.12.19 | 172000 | ലഭ്യമല്ല | -ടി- | ലഭ്യമല്ല |
| KSEB | പുലാമന്തോൾ തിരുത്ത് ഏരിയ വൈദ്യുതീകരണം (പ്രൊജക്ട് നം. 0228/20 | 19150363004501003985/ 28.12.19 | 79500 | ലഭ്യമല്ല | -ടി- | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | ആകെ | 500000 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ, വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-2 | 2000-01 | IV-91 B | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 C | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവിനർക്ക് നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് അധികി തുക തിരികെ ലഭിച്ചില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. റവന്യൂ റിക്കവറി നടപടി വിവരം ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ | വർഷം | ഖണ്ഡിക | ഉത്തരവാ | ചാർജ് / | തുക | ഈടാ | അവശേ | റി |
|---|---|---|---|---|---|---|---|---|

| നം | | | ദിയായ ഉദ്യോഗ സ്ഥൻ | സർചാ ർജ്ജ് വി വരം | | ക്കിയത് | ഷിക്കു ന്ന തുക | മാർ ക്ക് സ് |
|---|---|---|---|---|---|---|---|---|
| 1. | 1997-98 | 38, 48, 49, 50, 56, 57, 58(2), 58(4), 59, 60, 61, 65, 66, 67, 68, 69, 70, 72, 73 | എൻ.അലി, സെക്രട്ടറി | LF19238/ SP.CELL/ SC3/01 Dtd.20.1.2013 | 241085 | 0 | 241085 | തുടർനടപടി വേണ്ട എന്നറിയിച്ചു. (ksa13658/ SI/15 Dtd.17.3.16 |
| 2. | 1999-00 | 38(1), (2), 39(1), 40(1), 41(1), (2), 35,36(1), (2) | പി.ഉണ്ണികൃഷ്ണൻ, അസി. എഞ്ചിനീയർ | LF3602/ SP.CELL/ SC5/05 Dtd.2.6.2006 | 71197 | 0 | 71197 | തുടർ നടപടി സ്വീകരി ച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6292733.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52425616.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11402634 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 781260 | ശ്രീ.അഷറഫ് പെരുമ്പള്ളി ,സെക്രട്ടറി |
| 1-14 | 4,00,000 | ശ്രീ.അഷറഫ് പെരുമ്പള്ളി ,സെക്രട്ടറി |
| 1-15 | 25500 | ശ്രീ. അനൂപ്കുമാർ വി.എൻ, കൃഷി അസി. ഡയറക്ടർ |
| 1-21 | 9216360 | ശ്രീ.അഷറഫ് പെരുമ്പള്ളി ,സെക്രട്ടറി |
| 1-22 | 979514 | ശ്രീ.അഷറഫ് പെരുമ്പള്ളി ,സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 11402634 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാരൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.4/2538/19 തീയതി 09-09-2016 | 20 |
| 1998-99 | കെ.എസ്.എ.എം.പി.എം.4/364/15(1) തീയതി 09-06-2016 | 7 |
| 1999-00 | കെ.എസ്.എ.എം.പി.എം.4/3202/14(6) തീയതി 09-09-2016 | 6 |
| 2000-01 | എൽ.എഫ്.എം.4/364/15(3) തീയതി 28-01-2016 | 17 |
| 2001-02 | കെ.എസ്.എ.എം.പി.എം.4/3246/4 തീയതി 17-04-2017 | 32 |
| 2002-03 | എൽ.എഫ്.എം.4/364/15(4) തീയതി 28-01-2016 | 12 |
| 2003-04 | കെ.എസ്.എ.എം.പി.എം.4/2252/17 തീയതി 05-02-2018 | 12 |
| 2004-05 | കെ.എസ്.എ.എം.പി.എം.4/364/15(4) തീയതി 28-01-2016 | 6 |
| 2005-06 | കെ.എസ്.എ.എം.പി.എം.4/364/15(6) തീയതി 28-01-2016 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.4/364/15 തീയതി 07-02-2018 | 19 |
| 2007-08 | കെ.എസ്.എ.എം.പി.എം.4/364/15(8) തീയതി 28-01-2016 | 22 |
| 2008-09 | കെ.എസ്.എ.എം.പി.എം.4/364/15(8) തീയതി 27-11-2015 | 24 |
| 2009-10 | കെ.എസ്.എ.എം.പി.എം.4/364/15(9) തീയതി 28-01-2016 | 5 |
| 2010-11 | കെ.എസ്.എ.എം.പി.എം.4/595/15 തീയതി 09-02-2018 | 14 |
| 2011-12, 2012-13 | എൽ.എഫ്.എം.4/841/2014 തീയതി 28-01-2016 | 17 |
| 2013-14 | എൽ.എഫ്.എം.4/2449/2014 തീയതി 23-04-2015 | 9 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/2405/15 തീയതി 18-04-2018 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/543/2017 തീയതി 17-03-2017 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/2484/2017 തീയതി 03-05-2018 | 16 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.എം.പി.എം.4/2873/2018 തീയതി 28-01-2019 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/439/2020 തീയതി 2304-2020 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

എം.എ.6/2022

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്